**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696** **04-02-2026 - ൽ മറുപടിയ്ക്ക്**

**കർഷകർക്കുള്ള ഡിജിറ്റൽ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കർഷകർക്ക് കൃഷി വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങളും മറ്റ് കാർഷിക സേവനങ്ങളും ഒരേ കേന്ദ്രത്തിലൂടെ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പ്രത്യേക ഡിജിറ്റൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കൃഷി വകുപ്പിന്റെ വിവിധ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനായ ‘കതിർ’ (കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ് ആൻഡ് ഇൻഫർമേഷൻ റിപ്പോസിറ്ററി) പോർട്ടലിലൂടെയും അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം പോർട്ടലിലൂടെയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ സേവനങ്ങൾ ഡിജിറ്റൽ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (സി) | നിലവിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ആശ്രയ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല കൃഷിക്കൂട്ടങ്ങൾ/ കൃഷിശ്രീ സെന്റർ/അഗ്രോ സർവീസ് സെന്റർ / കാർഷിക - കർമ്മസേനകൾ എന്നിവർക്കാണ് കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ ഓൺലൈൻ സേവനങ്ങളും ഏകജാല സംവിധാനമായ “ആശ്രയ” കേന്ദ്രത്തിലൂടെ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കി വരുന്നു.<br><br>പ്രസ്തുത കേന്ദ്രങ്ങൾക്ക്, KATHIR, AIMS തുടങ്ങി വിവിധ പോർട്ടലുകളിൽ രജിസ്റ്റർ ചെയ്യുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പരിശീലനം, പോർട്ടലുകളുടെ ഉപയോഗം,ഡിജിറ്റൽ സേവനങ്ങളിൽ പ്രാഥമിക ട്രബിൾ ഷൂട്ടിംഗ് എന്നീ വിഷയങ്ങളിൽ കൃഷി വകുപ്പിന് കീഴിലുള്ള ഐ.ടി സെൽ വഴി പരിശീലനം നൽകി വരുന്നു. |
| (ഡി) | ഡിജിറ്റൽ സേവനങ്ങൾ ഉപയോഗിക്കുന്നതിൽ പിന്നാക്കം നിൽക്കുന്ന ചെറുകിട കർഷകരെയും വയോധികരായ കർഷകരെയും ഉൾപ്പെടുത്തി | (ഡി) | ഉണ്ട്. ഡിജിറ്റൽ സേവനങ്ങൾ ഉപയോഗിക്കുന്നതിൽ പിന്നോക്കം നിൽക്കുന്ന ചെറുകിട കർഷകരെയും വയോധികരായ കർഷകരെയും ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | പ്രത്യേക ബോധവത്കരണ/പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ? | | കൃഷിഭവൻ തലത്തിൽ ആവശ്യമായ പരിശീലനങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ